'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം നഗരസഭയുടെ PMAY ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ വീട് അറ്റകുറ്റപ്പണിക്കായി തുക കൈപ്പറ്റിയവർക്ക് പുതിയ വീട് അനുവദിക്കുന്നതിന് വീട് അറ്റകുറ്റപ്പണിക്കായി വാങ്ങിയ തുക തിരികെ അടക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കികൊണ്ട് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ.(സാധാ) നം.1969/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/09/2019

---

പരാമർശം:- 1 കോട്ടയം നഗരസഭാ സെക്രട്ടറിയുടെ 18.07.2019 ലെ G-13/9867/19 നമ്പർ കത്തും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിന്റെ 28/6/2019-ലെ തീരുമാനവും.

2 30/7/2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ യോഗനടപടികുറിപ്പിലെ തീരുമാനം നമ്പർ 4.28

<u>ഉത്തരവ്</u>

കോട്ടയം നഗരസഭയുടെ PMAY ലിസ്റ്റിൽ ഉൾപ്പെട്ട ചില ഗുണഭോക്താക്കൾ വീട് അറ്റകുറ്റകുറ്റപ്പണിക്കായി കഴിഞ്ഞ 8 വർഷത്തിനകം 15,000/- രൂപ മുതൽ 25,000/- രൂപ വരെ കൈപ്പറ്റിയിരുന്നു. എന്നാൽ ഇത്തരം വീട്ടുകൾ നിലവിൽ വാസയോഗ്യമല്ലാത്തതിനാൽ ഇവർക്ക് പുതിയ വീട് നൽകുന്നതിന് കൈപ്പറ്റിയ തുക 12% പലിശയടക്കം തിരികെ അടക്കണമെന്നുമുള്ള നിബന്ധന ഒഴിവാക്കണമെന്ന് കോട്ടയം നഗരസഭാ സെക്രട്ടറി പരാമർശം (1)-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ 30/07/2019-ൽ ചേർന്ന യോഗം ഇക്കാര്യം പരിഗണിക്കുകയും കോട്ടയം നഗരസഭയുടെ PMAY ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ വീട് അറ്റകുറ്റപ്പണിക്കായി തുക കൈപ്പറ്റിയവർക്ക് പുതിയ വീട് നൽകുന്നതിന് വീട്

അറ്റകുറ്റപ്പണിക്കായി കൈപ്പറ്റിയ തുക തിരികെ അടയ്ക്കണമെന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കി പ്രത്യേക അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം(2)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം നഗരസഭയുടെ PMAY ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ വീട് അറ്റകുറ്റപ്പണിക്കായി തുക കൈപ്പറ്റിയവർക്ക് പുതിയ വീട് അനുവദിക്കുന്നതിന് "വീട് അറ്റകുറ്റപ്പണിക്കായി കൈപ്പറ്റിയ തുക തിരികെ അടച്ച ശേഷമേ പുതിയ വീട് അനുവദിക്കാവൂ" എന്ന നിബന്ധന ഒഴിവാക്കി പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി.**
**ജോയിന്റ് സെക്രട്ടറി**

ചെയർമാൻ, കോട്ടയം നഗരസഭ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
സെക്രട്ടറി കോട്ടയം നഗരസഭ
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ (വെബ് & ന്യൂമീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ